പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4058 12.12.2018 ൽ മറുപടിയ്ക്ക്

# അനുയാത്ര പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.പി.കെ. ശശി<br>ശ്രീ.വി. കെ. സി. മമ്മത് കോയ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |

| | |
| --- | --- |
| (എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള അനുയാത്ര പദ്ധതിയുടെ വിശദാംശം നൽകാമോ; | (എ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനും, നേരത്തേ കണ്ടെത്തുന്ന തിനും, അനുയോജ്യ മായ ഇടപെടലുകൾ നടത്തുന്നതിനും, പുനര ധിവസിപ്പിക്കുന്നതിനുമായി **"അനുയാത്ര"** എന്ന പേരിൽ ഒരു സമഗ്ര പദ്ധതി നടപ്പാക്കി വരുന്നു. **"അനുയാത്ര"** പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) സംസ്ഥാനത്ത് അനാഥരായ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി സ്പെഷ്യൽ ഹോം ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ഇല്ല. എന്നാൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി 'കെയർ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻസ്' എന്ന സ്ഥാപനം ആലപ്പുഴ ജില്ലയിലും 'ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ' എന്ന സ്ഥാപനം കോഴിക്കോട് ജില്ലയിലും സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്നുണ്ട്. |
| (സി) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി സാമൂഹ്യനീതി വകുപ്പ് മുഖേന ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. വിദ്യാജ്യോതി പദ്ധതി<br>2. ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ്<br>3. സഹായ ഉപകരണ വിതരണ പദ്ധതി<br>4. സ്റ്റീഫൻ ഹോക്കിംഗ്സ് സെന്റർ ഫോർ എക്സലൻസ്<br>5. സർക്കാർ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ |
| (ഡി) ഭിന്നശേഷിക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി ആവിഷ്കരിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വാവലംബൻ ഇൻഷ്വറൻസ് പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ വിഹിതം അടച്ചിട്ടും കേന്ദ്ര സർക്കാർ വിഹിതം നൽകാത്തതിനാൽ ഭിന്നശേഷിക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ; വിശദാംശം നൽകുമോ? | (ഡി) കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയായ 'സ്വാവലംബൻ' ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനി മുഖാന്തിരമാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്. പദ്ധതിയിൽ അംഗമാവുന്നതിനുള്ള ഇൻഷ്വറൻസ് പ്രീമിയം 3100/- രൂപയാണ്. ഇതിൽ 357/-രൂപ ഗുണഭോക്താവും ബാക്കിതുക കേന്ദ്രസർക്കാരുമാണ് ഇൻഷ്വറൻസ് കമ്പനിയ്ക്ക് നൽകേണ്ടത്. നമ്മുടെ |

| | |
|---|---|
| | സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അംഗപരിമിതരുടെ ഗുണഭോക്തൃ വിഹിതമായ 357/- രൂപ സംസ്ഥാന സർക്കാർ നേരിട്ട് ഇൻഷ്വറൻസ് കമ്പനിയിൽ അടയ്ക്കുന്നതിനും ആദ്യഘട്ടമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഒരു ലക്ഷം അംഗപരിമിതർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനും തീരുമാനിച്ചിരുന്നു. ഇതിൻപ്രകാരം ഒരു ലക്ഷം പേരുടെ ഗുണഭോക്തൃ വിഹിതം ഇൻഷ്വറൻസ്കമ്പനിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ നാളിതുവരെയും ആനുപാതികമായ കേന്ദ്ര സർക്കാർ വിഹിതം ഇൻഷ്വറൻസ് കമ്പനിയ്ക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ സ്വാവലംബൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ഇൻഷുറൻസ് പരിരക്ഷ നൽകാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## അനുയാത്ര പ്രവർത്തനങ്ങൾ

അംഗപരിമിതർക്ക് വ്യത്യസ്ത സേവനങ്ങൾ ലഭ്യമാക്കുന്നതിനും, സംസ്ഥാനത്തെ അംഗപരിമിത സൗഹൃദമാക്കുന്നതിനും വേണ്ടി വിവിധ പരിപാടികൾ അനുയാത്രയുടെ ഭാഗമായി നടപ്പാക്കി വരികയാണ്. അംഗപരിമിത മേഖലയിൽ ഏറ്റെടുക്കേണ്ട പ്രാഥമിക പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ സുസ്ഥിരമായ പുനരധിവാസം വരെയുള്ള **"സമഗ്ര ജീവിത ചക്ര സമീപനമാണ്"** അനുയാത്രയിൽ സ്വീകരിച്ചിട്ടുള്ളത്. അംഗപരിമിത മേഖലയിലെ അന്താരാഷ്ട്ര കാഴ്ചപ്പാടുകൾക്കും സമീപനങ്ങൾക്കും അനുസൃതമായും 2016-ലെ അംഗപരിമിതരുടെ അവകാശ നിയമത്തിനനുസൃതമായുമാണ് അനുയാത്ര നടപ്പാക്കുന്നത്.

1. **അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

അംഗപരിമിതികൾക്ക് കാരണമായേക്കാവുന്ന അവസ്ഥകളെ പ്രതിരോധിക്കുന്നതിനായും വൈകല്യങ്ങൾക്ക് കാരണമായേക്കാവുന്ന ഘടകങ്ങളായ (Determinants of Disability) അനീമിയ, ചെറിയ പ്രായത്തിലുള്ള വിവാഹങ്ങൾ, താമസിച്ചുണ്ടാവുന്ന ഗർഭധാരണം, Consanguinity തുടങ്ങിയവയെ സംബന്ധിച്ചുള്ള വിദ്യാഭ്യാസ പരിപാടികൾ, ഗർഭാവസ്ഥയിൽ അംഗപരിമിതി സംബന്ധിച്ച സ്ക്രീനിംഗ്, കുഞ്ഞ് ജനിച്ചയുടൻ നടത്തുന്ന സ്ക്രീനിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ തുടങ്ങിയവ അനുയാത്രയുടെ ഭാഗമായി ആരംഭിക്കും.

വൈകല്യ പ്രതിരോധങ്ങളുടെ ഭാഗമായി എം.എം.ആർ.വാക്സിൻ സൗജന്യമായി നൽകുന്നു.

2 **ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. ഇതിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗമാണ് 13 ജില്ലകളിൽ നടത്തുന്നത്. പത്തനംതിട്ട ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. 9 ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

3. **റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ**

സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരഭിച്ചിട്ടുണ്ട്.

**4. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം**

പൂർണ്ണമായ സൗകര്യങ്ങളോടുകൂടിയ സ്ഥിരം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നിലവിൽ വരുന്നതുവരെ അംഗപരിമിതരായ കുട്ടികൾക്ക് തെറാപ്പികളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി നാഷണൽ ഹെൽത്ത് മിഷന്റെ നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതാണ്. ഈ സ്ഥാപനങ്ങൾക്ക് അധികമായി വേണ്ടി വരുന്ന ഉപകരണങ്ങൾ, ജീവനക്കാർ, പരിശീലനങ്ങൾ തുടങ്ങിയവ ലഭ്യമാക്കി കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കാനുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

**5. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ**

അംഗപരിമിതരായവർക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 25 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു യൂണിറ്റ് എന്ന നിലയിലാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്.

**6. കാതോരം**

കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായ സമഗ്ര ജീവചക്ര സമീപനം സ്വീകരിക്കുന്നതാണ്. ഒരു കുഞ്ഞ് ജനിച്ചയുടൻതന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ എല്ലാ ഡെലിവറി പോയിന്റുകളിലും സ്ഥാപിക്കും. കേൾവി പ്രശ്നമുള്ള കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA സംവിധാനം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കും. കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കും. 18 മാസം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കോക്ലിയാർ ഇംപ്ലാന്റ് സർജറി നടത്തുന്നതിനുള്ള സൗകര്യവും ഉറപ്പാക്കുന്നു. കോക്ലിയാർ ഇംപ്ലാന്റേഷനുശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികൾ NISH, NIPMR, മെഡിക്കൽ കോളേജുകൾ എന്നിവയിലൂടെ ലഭ്യമാക്കി കുഞ്ഞുങ്ങളുടെ ശ്രവണ വൈകല്യം ഒഴിവാക്കുക എന്ന സമീപനമാണ് സ്വീകരിക്കുന്നത്.

**7. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ**

പട്ടികവർഗ്ഗ മേഖല, തീരദേശ മേഖല തുടങ്ങിയ പ്രത്യേക മേഖലയിൽ വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിച്ചു വരുന്നു. അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിലും, മാനന്തവാടി താലൂക്ക് ആശുപത്രിയിലും ഇത്തരം യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

8. **ഹെൽപ്പ് ഡെസ്ക്**

അംഗപരിമിതർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചുവരുന്നു. അംഗപരിമിതർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമ പദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളും ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. സാങ്കേതിക സംവിധാനങ്ങളോടെ സ്ഥാപിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്കിലൂടെ 1800 120 1001 എന്ന ടോൾ ഫ്രീ നമ്പറിലൂടെ സേവനം ലഭ്യമാണ്.

9. **പ്രോജക്ട് ഓട്ടിസം**

ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ചികിത്സയും തെറാപ്പികളും അനുബന്ധ സേവനങ്ങളും ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകൾ സ്ഥാപിക്കുന്നതാണ്.

10. **സ്പെഷ്യൽ അങ്കണവാടികൾ**

പ്രീ സ്കൂൾ തലത്തിൽ തന്നെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിചരണങ്ങൾ നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ സേവനത്തോടു കൂടിയ സ്പെഷ്യൽ അങ്കണവാടികൾ കോഴിക്കോട് ജില്ലയിൽ പ്രവർത്തിച്ചു വരുന്നു.

11. **മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)**

അംഗപരിമിത സെൻസസ് പ്രകാരം കേരളത്തിൽ 28000 ത്തോളം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉണ്ടെന്നാണ് കണക്ക്. 1000 കുട്ടികൾക്ക് 1 മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ എന്ന നിലയിൽ ഒരു ജില്ലയിൽ 2 വീതം 28 സെന്ററുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ഇവ സ്ഥാപിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി, മാടായി, എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാലൂർ എന്നിവിടങ്ങളിൽ MCRC കൾ ആരംഭിക്കാനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

12. **അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം.**

സംസ്ഥാനത്തെ അർഹരായ മുഴുവൻ അംഗപരിമിതർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് (UniqueID for Persons with Disabilities-UDID) നൽകുന്നതാണ്. കേന്ദ്ര ഗവൺമെന്റ് ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക സോഫ്റ്റ്‌വെയറിൽ അംഗപരിമിതരുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്ത് ഓൺലൈൻ ആയാണ് സവിശേഷ തിരിച്ചറിയൽ കാർഡുകൾ നൽകുന്നത്. അംഗപരിമിതർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോഫ്റ്റ്‌വെയർ മുഖാന്തിരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു.

## 13. Student Initiative in Community Rehabilitation

മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾക്ക് അംഗപരിമിതരോട് ആർദ്രതാ മനോഭാവം വളർത്തിയെടുക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി **Student Initiative in Community Rehabilitation** എന്ന പേരിൽ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ കമ്മ്യൂണിറ്റീവ് മെഡിസിൻ വിഭാഗത്തിന്റെ സഹകരണത്തോടെ ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി ഇപ്പോൾ ആല പ്പുഴ മെഡിക്കൽ കോളേജിൽ ആരംഭിച്ചിട്ടുണ്ട്.

## 14. വ്യക്തിഗത പരിപാലന പ്ലാൻ

അംഗപരിമിതർക്ക് ആവശ്യമായ വ്യക്തിഗത സേവനങ്ങൾ ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വ്യക്തിഗത പരിപാലന പദ്ധതി തയ്യാറാക്കുന്നതിനും (Individual Care Plan) അതനുസരിച്ച് സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനാ വശ്യമായ വിവരശേഖരണം നടന്നുവരുന്നു.

## 15. ദേശീയ ശില്പശാല

അംഗപരിമിത മേഖലയിൽ ദേശീയ തലത്തിൽ നടക്കുന്ന നൂതന മാതൃകകളും പ്രവർത്തനങ്ങളും ചർച്ച ചെയ്യുന്നതിനും ദേശീയ തലത്തിലുള്ള വിദഗ്ധ സ്ഥാപനങ്ങളുടെ സേവനങ്ങൾ സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനും ഈ മേഖലയിൽ നടപ്പാക്കേണ്ട നൂതന ഇടപെടലുകൾ കണ്ടെത്തുന്നതിനുമായി ഒരു ദേശീയ ശില്പശാല സംഘടിപ്പിക്കുന്നതാണ്.

## 16. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ - എം.പവർ

അനുയാത്രാ പദ്ധതിയുടെ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ അർഹതപ്പെട്ടവരിൽ എത്തിക്കുന്നതിനായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ, ബോധവൽകരണ പരിപാടികൾ, എന്നിവ നടപ്പാക്കും. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് **എം.പവർ** എന്ന പേരിൽ നടപ്പാക്കിയ പദ്ധതിയിലൂടെ മാജിക് പരിശീലനം നൽകി ഇവരെ അനുയാത്രാ പദ്ധതി പ്രവർത്തനങ്ങളുടെ പ്രചാരകരായി (Ambassadors ) ബഹു. ഇൻഡ്യൻ ഉപരാഷ്ട്രപതി 2017 ജൂൺ 12 ന് പ്രഖ്യാപിച്ചിട്ടുണ്ട്. മാജിക് അക്കാദമിയാണ് ഇവർക്ക് പരിശീലനം നൽകിയത്.

## 17. പരിക്കുകൾ മൂലം ഉണ്ടാവുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തന ങ്ങൾ (Injury Related Disability Prevention and Management)

നമ്മുടെ സംസ്ഥാനത്ത് 47 % ദീർഘകാല അംഗപരിമിതികളും വിവിധതരം അപകടങ്ങൾ, വീഴ്ചകൾ തുടങ്ങിയവ മൂലമുണ്ടാകുന്ന പരിക്കുകൾ കാരണമാണ് സംഭവിക്കുന്നത്. സമയബന്ധിതമായി അനുയോജ്യമായ ശാസ്ത്രീയ പരിചരണങ്ങൾ ശ്രദ്ധാപൂർവ്വം നൽകു ന്നതിലൂടെ (ട്രോമാ കെയർ) ഈ അവസ്ഥ ഒരു വലിയ അളവിൽ കുറയ്ക്കാൻ കഴിയും. സംസ്ഥാനത്താകമാനം ഈ സേവനം ലഭ്യമാക്കുന്നതിനായി ഒരു ട്രോമാ കെയർ സംവി ധാനം അനുയാത്രയുടെ ഭാഗമായി ആരംഭിക്കുന്നതാണ്. ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

മെഡിക്കൽ സയൻസിന്റെ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഡോക്ടർമാരും നേഴ്സുമാരും അടങ്ങുന്ന ടീമുകൾക്ക് പ്രായോഗിക പരിശീലനം നൽകിയിട്ടുണ്ട്.

18. **അനുയാത്ര- വി കെയർ ഫിലിം ഫെസ്റ്റിവെൽ ഓൺ ഡിസെബിലിറ്റീസ്**

അംഗപരിമിതികളോടും അംഗപരിമിതരോടും ഉള്ള സമൂഹത്തിന്റെ കാഴ്ചപ്പാടിൽ അനുകൂലമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് ദൃശ്യമാദ്ധ്യമങ്ങൾക്ക് വളരെയേറെ സ്വാധീനം ചെലുത്താൻ കഴിയും. കൂടാതെ അംഗപരിമിതിയുള്ളവർ ആർജ്ജിച്ച നേട്ടങ്ങൾ കാണാൻ അവസരങ്ങൾ ഉണ്ടാക്കുന്നതിലൂടെ അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സമാനമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഇവരെ പ്രേരിപ്പിക്കുന്നതിനും കഴിയും. ദൃശ്യമാദ്ധ്യമങ്ങൾ പ്രത്യേകിച്ചും സിനിമ ഇക്കാര്യത്തിൽ ഒരു നിർണായക സ്വാധീനം ചെലുത്തുന്നുണ്ട്. ഇത്തരം ആശയങ്ങൾ പ്രതിഫലിക്കുന്ന ഒട്ടനവധി സിനിമകളും ഹ്രസ്വ ചിത്രങ്ങളും ദേശീയ അന്തർദേശീയ തലത്തിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഡൽഹിയിലുള്ള വി കെയർ എന്ന സംഘടന ഇത്തരം ചിത്രങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഇത്തരം സിനിമകൾ സംസ്ഥാനത്ത് പ്രദർശിപ്പിക്കുന്നതിനായി ഒരു ഫിലിംഫെസ്റ്റിവെൽ അനുയാത്രയുടെ ഭാഗമായി സംഘടിപ്പിക്കുന്നതാണ്. കോട്ടയം മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയുടെ ഇന്റർ യൂണിവേഴ്സ്റ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും ആയി സഹകരിച്ച് **"അനുയാത്ര- വികെയർഫിലിം ഫെസ്റ്റിവെൽ ഓൺ ഡിസെബിലിറ്റീസ് "** എന്ന പേരിൽ ഒരു ഫിലിം ഫെസ്റ്റിവെൽ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

19. **പ്രോസ്തെറ്റിക് ആന്റ് ഓർത്തോട്ടിക് യൂണിറ്റ്**

ചലനവൈകല്യങ്ങൾ ഉള്ളവർക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു പ്രോസ്തെറ്റിക് ആന്റ് ഓർത്തോട്ടിക് യൂണിറ്റ് തൃശൂരിലെ NIPMR ൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

20. **ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ**

സംസാര ഭാഷാ വൈകല്യങ്ങൾ ഉള്ളവർക്ക് സേവനങ്ങൾ നൽകുന്നതിനും, കോക്ലിയാർ ഇംപ്ലാന്റ് ചെയ്യുന്ന കുട്ടികൾക്ക് സർജറിക്ക് മുൻപും, ശേഷവും ഹാബിലിറ്റേഷൻ തെറാപ്പികൾ നൽകുന്നതിനും ആയി ആധുനിക സൗകര്യങ്ങളോട് കൂടി ഒരു ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

21. **വിർച്വൽ റീഹാബിലിറ്റേഷൻ യൂണീറ്റുകൾ**

കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി അംഗപരിമിതരായ കുട്ടികൾക്ക് ആധുനിക തെറാപ്പി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളിലും, ഓട്ടിസം സെന്ററുകളിലും വിർച്വൽ റീഹാബിലിറ്റേഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. യൂണിറ്റുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

22. **ഹോർട്ടികൾച്ചർ തെറാപ്പി**

അംഗപരിമിതരായ കുട്ടികൾക്ക് ഹോർട്ടികൾച്ചർ പ്രവർത്തന പരിശീലനത്തിലൂടെ തെറാപ്പി സൗകര്യം ലഭ്യമാക്കുന്നതിനായി കാർഷിക യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് കുട്ടികൾക്ക് ഹോർട്ടികൾച്ചർ തെറാപ്പി നൽകി വരുന്നു.

23. **ഓട്ടിസം റീഹാബിലിറ്റേഷൻ & റിസർച്ച് സെന്ററുകൾ**

ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവുമായ തെറാപ്പി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും, ഈ രംഗത്ത് പഠനഗവേഷണങ്ങൾ നടത്തുന്നതിനുമായി ഇരിങ്ങാലക്കുട NIPMR -ൽ ഓട്ടിസം റീഹാബിലിറ്റേഷൻ & റിസർച്ച് സെന്റർ സ്ഥാപിക്കുന്നതാണ്.

24. **ഓർഗനൈസ്ഡ് നെറ്റ് വർക്ക് ഫോർ ഏർളി ഇന്റർവെൻഷൻ ഇൻ ഡിസബിലിറ്റീസ്.**

അംഗപരിമിത മേഖലയിൽ ഊർജ്ജിതമായ IEC പ്രവർത്തനങ്ങൾ, അംഗപരിമിത സ്ക്രീനിംങ്ങുകൾക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കി സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ലാബ് ശാക്തീകരിക്കൽ, കുട്ടികളിലെ അന്ധത നേരത്തെ കണ്ടുപിടിക്കാനായി ജില്ലാതലത്തിൽ സൗകര്യങ്ങൾ, ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കൽ, മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളുടെ ശാക്തീകരണം എന്നിവ നടപ്പാക്കാനുള്ള സമഗ്രപദ്ധതിക്ക് 2018-19-ൽ ഭരണാനുമതി ലഭിക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.